**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.774 — 11.03.2015-ൽ മറുപടിയ്ക്ക്

**<u>മെഡിക്കൽ ഓഫീസർമാർ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര മെഡിക്കൽ ഓഫീസർമാരാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ഇവരിൽ സർക്കാർ മേഖലയിലുള്ളവരെത്രയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ, നിലവിൽ അനുവദിക്കപ്പെട്ട 5345 തസ്തികകളിലായി 4678 മെഡിക്കൽ ഓഫീസർമാർ ജോലി ചെയ്തു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗങ്ങളിലായി 1950 ഡോക്ടർമാർ ജോലി നോക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പിൽ 812 മെഡിക്കൽ ഓഫീസർ തസ്തികകളാണ് സർക്കാർ മേഖലയിൽ നിലവിലുള്ളത്. ഹോമിയോ വിഭാഗത്തിൽ 1000 മെഡിക്കൽ ഓഫീസർമാർ നിലവിലുണ്ട്. ഇവരിൽ സർക്കാർ മേഖലയിലുള്ളത് 592 പേരാണ്.<br>സ്വകാര്യ മേഖലയിലെ മെഡിക്കൽ ഓഫീസർമാരുടെ വ്യക്തമായ കണക്ക് സർക്കാരിൽ ലഭ്യമല്ല. |
| (ബി) | അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഇതു സംബന്ധിച്ച കണക്ക് വെവ്വേറെ വ്യക്തമാക്കാമോ? | | |

Sobha
സെക്ഷൻ ഓഫീസർ